നമ്പർ. എസ്.എസ്.ജി.2/109/റ്റി.സി./2019.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 24/06/2020.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

1. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ.
2. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ.
3. ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – സാരഥി ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ ചെയ്തു നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന :- ശ്രീ.ബി. സാജു, സാരഥി ടീം ലീഡർ നൽകിയ നിർദ്ദേശങ്ങൾ.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതിനോടൊപ്പം ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ പൊതു ജനങ്ങൾക്ക് തടസ്സമില്ലാതെ നൽകുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു.

1. Smart Move - ൽ ഓൺലൈൻ ഫീസ് അടച്ച് ഓഫീസിൽ എടുത്ത അപേക്ഷകൾ അടിയന്തിരമായി പൂർത്തീകരിച്ച് നൽകേണ്ടതാണ്. ആയത് പൂർത്തീകരിച്ച് നൽകിയെന്ന് അതാത് ഓഫീസ് തലവൻമാർ ഉറപ്പാക്കേണ്ടതാണ്.
2. സാരഥിയിൽ വിവരങ്ങൾ ലഭ്യമല്ലാത്ത ലൈസൻസുകൾ സാരഥിയിലേയ്ക്ക് Backlogലൂടെ ചേർക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾ ഡി എൽ സെക്ഷൻ ക്ലർക്ക് സ്വീകരിച്ച് Data enter ചെയ്ത്, ഡ്രൈവിംഗ് ലൈസൻസ് സ്കാൻ ചെയ്ത് Upload ചെയ്തു (PDF ആയി സ്കാൻ ചെയ്താൽ മൾട്ടിപ്പിൾ പേജസ് ഒരേ സമയം ഒരു ഫയൽ ആയി Upload ചെയ്യുവാനും ഫയൽ സൈസ് കുറയ്ക്കുവാനും സഹായിക്കും) MVIക്ക് സമർപ്പിച്ച് MVI അപ്പ്രൂവ് ചെയ്തു നൽകേണ്ടതുമാണ്. ഈ പ്രവൃത്തി സമയബന്ധിതമായി തന്നെ പൂർത്തീകരിക്കേണ്ടതാണ്. ഈ ആവശ്യത്തിനു സമർപ്പിക്കുന്ന അപേക്ഷകൾക്ക് അപേക്ഷകന് ഒരു acknowledgement നൽകേണ്ടതാണ്.

അതാത് ദിവസത്തെ സീരിയൽ നമ്പറും ഡേറ്റും അടങ്ങിയതായിരിക്കും acknowledgement slip. സെക്ഷൻ clerk ഒരു രജിസ്റ്ററിൽ acknowledgement number, dl നമ്പർ, അപേക്ഷകന്റെ പേര്, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

3. സാരഥിയിൽ ഡാറ്റാ ലഭ്യമല്ലാത്ത ലൈസൻസുകൾ മറ്റു സർവീസുകൾക്കായി (അഡ്രസ്സ് മാറ്റം റിന്യൂവൽ മുതലായവയ്ക്കായി) ഓഫീസിൽ വരുമ്പോൾ ഓൺലൈനിൽ വിവരങ്ങളുമായി ഒത്തുനോക്കി ഉറപ്പാക്കി Backlog ചെയ്തു നൽകേണ്ടതാണ്. രേഖകൾ ലഭ്യമാകുന്നില്ലെങ്കിലോ സംശയമുണ്ടെങ്കിലോ ഒരു Particulars അയച്ചു തരുവാൻ ഔദ്യോഗികമായി ആവശ്യപ്പെടുക. ലഭ്യമാകുന്ന Particulars ലും വ്യത്യാസം കണ്ടെന്നു എങ്കിൽ മാത്രമേ ഒറിജിനൽ ലൈസൻസിംഗ് അതോറിറ്റിയിൽ ബന്ധപ്പെടുവാൻ അപേക്ഷകനോട് ആവശ്യപ്പെടുവാൻ പാടുള്ളൂ.

4. ലൈസൻസ് സർവീസുമായി ബന്ധപ്പെട്ട് അപേക്ഷകൾ ഓഫീസിൽ സമർപ്പിക്കുന്ന സമയത്ത് തന്നെ സെക്ഷൻ ക്ലർക്ക് Software - ൽ സ്കൂട്ടിനി ചെയ്ത് സ്വീകരിക്കേണ്ടതാണ്. സ്കൂട്ടനി സമയത്ത് പോരായ്മകൾ കാണുന്നുവെങ്കിൽ സോഫ്റ്റ്‌വെയറിൽ pending for want off മാർക്ക് ചെയ്ത് പരിഹരിയ്ക്കാവുന്നതാണെങ്കിൽ പരമാവധി പരിഹരിക്കേണ്ടുന്നതും അല്ലെങ്കിൽ അപേക്ഷകന് പോരായ്മകൾ തിരുത്തുവാൻ തിരിച്ചു നൽകേണ്ടതുമാണ്.

5. സാരഥിയിൽ രേഖകൾ ലഭ്യമല്ലാത്ത സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ലൈസൻസുകൾ നാഷണൽ രജിസ്റ്ററുമായി ഒത്തുനോക്കി സാരഥിയിൽ തന്നെ സാരഥി ഫോർമാറ്റിൽ ബാക്ക് ലോഗ് ചെയ്തു സർവീസ് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി എസ്.ടി.എ.
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

KCA/-